നമ്പർ 9/2016/എസ്.ആർ.ജി/സി.സി

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 28.12.2016 ന് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.30 ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ ചേമ്പറിൽ ആരംഭിച്ചു. ബഹു മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

**1. വാർഷിക പദ്ധതി അവലോകനം**

തദ്ദേശ സ്വയം ഭരണസ്ഥാനങ്ങളുടെ 2016-17 വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്തു. 27.12.16 വരെയുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

| പദ്ധതി പുരോഗതി (ശതമാനം) | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ്.സി എസ്.പി | റ്റി.എസ്.പി | എഫ്.സി ഗ്രാന്റ് | ലോകബാങ്ക് വിഹിതം |
| 1 | ഗ്രാമപഞ്ചായത്ത് | 36.32 | 12.92 | 20.54 | 19.16 | 2.55 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 16.9 | 15.17 | 11.85 | NA | NA |
| 3 | ജില്ലാ പഞ്ചായത്ത് | 15.75 | 11.71 | 10.71 | NA | NA |
| 4 | മുനിസിപ്പാലിറ്റി | 28.13 | 10.97 | 5.79 | 11.73 | 4.71 |
| 5 | കോർപ്പറേഷൻ | 22.20 | 19.43 | NA | 9.21 | NA |
| **ആകെ** | | 27.38 | 13.35 | 16.33 | 15.34 | 2.85 |

പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തണമെന്നും ജില്ലാ ബ്ലോക്കുതല അവലോകനം കാര്യക്ഷമമാക്കണമെന്നും തീരുമാനിച്ചു. ഓരോ 7 ദിവസവും നേടേണ്ട ലക്ഷ്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നടത്തേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുതലവന്മാർ 01.01.2017 മുതൽ പ്രതിദിന മോണിറ്ററിംഗ് പദ്ധതിപുരോഗതിക്കുവേണ്ടി നടത്തേണ്ടതുണ്ട്. വിവരങ്ങൾ ഓരോ ദിവസവും എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യണം.

(നടപടി - 1. എല്ലാ വകുപ്പുതലവന്മാരും
2. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം
(Web site progress updating)

**2. പൊതുവിഷയങ്ങൾ**

2.1 കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ എടുത്ത തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ അടുത്ത യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ട് ചെയ്യണം.

(നടപടി- ബന്ധപ്പെട്ട വകുപ്പുകൾ)

2.2 ഓരോ കോ ഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുൻപും മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ചെലവ് സംബന്ധിച്ച റിപ്പോർട്ടും (ഐ.കെ.എംനു നൽകിയിട്ടുള്ള പ്രൊഫോമയിൽ) ഗ്രാമ/ബ്ലോക്ക്/ നഗരസഭകളിലെ ഏറ്റവും കൂടുതലും കുറവും പുരോഗതിയുള്ള 10 സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവും, ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ എന്നിവയുടെ പൂർണ്ണ വിവരവും കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനായി എസ്.ആർ.ജി.ക്കു നൽകണം.

(നടപടി - എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.3 ഐ.കെ.എം.ന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പ്രത്യേകയോഗം 03.01.2017 രാവിലെ 9.00 മണിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പറുടെ (വികേന്ദ്രീകൃതാസൂത്രണം) അദ്ധ്യക്ഷതയിൽ കൂടണം.

(നടപടി - എസ്.ആർ.ജി)

2.4 ജനകീയാസൂത്രണം 2-ാം ഘട്ടത്തിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് 21.01.2017 ൽ തൃശ്ശൂരിൽ നടക്കുന്ന പരിപാടിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ മാതൃകാ പ്രോജക്ടുകളുടെ പ്രദർശനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന തെരഞ്ഞെടുത്തിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും വിഷയം ഏതാണെന്നും എത്രയും വേഗം അറിയിക്കണം.

(നടപടി- ഡയറക്ടർ, കില)

2.4.1 ഈ ആവശ്യത്തിന പരമാവധി 40000/- രൂപ പ്രദർശനത്തിൽ പങ്കെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

2.4.2 ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇതിനായി തനതുഫണ്ട് ഉപയോഗിക്കണം. ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ വികസഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കാം.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ്)

2.5 കോർപ്പറേഷനുകളിൽ ടെണ്ടർ തുറക്കാൻ ഇപ്പോൾ കോർപ്പറേഷൻ എഞ്ചിനീയറെ (സൂപ്രണ്ടിംഗ് എഞ്ചിനീയർ) യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതു കാലതാമസം വരുത്തുന്നു എന്നതിനാൽ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെകൂടി ടെണ്ടർ തുറക്കുന്നതിനു ചുമതലപ്പെടുത്തുന്നു.

(നടപടി. തദ്ദേശസ്വയംഭരണ വകുപ്പ്)

2.5.1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിന്ന് ഗുണഭോക്താവിന പണമായി നൽകുന്നതിനു പകരം ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് (ഇ.ട്രാൻസ്ഫർ) നേരിട്ടു നൽകുന്ന രീതിയാക്കണം.

(നടപടി - ധനകാര്യവകുപ്പ്)

2.6 ശുചിത്വമിഷനിൽ നിന്ന് ഒ.ഡി.എഫ് റിഇംപേഴ്സ് ചെയ്ത തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്. ഇത് ചെലവഴിക്കുന്നതിന താഴെ പറയുന്ന രീതി സ്വീകരിക്കണം.

2.6.1 ഈ തുക പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കണം.

2.6.2 ഏതു വിഭാഗം ഫണ്ടാണോ ശുചിത്വമിഷന തദ്ദേശ ഭരണ സ്ഥാപനം നൽകിയത് ആ വിഭാഗം ഫണ്ടായികണക്കാക്കി തുക ചെലവഴിക്കണം.

2.6.3 ഏതു പ്രോജക്ടിനു വകയിരുത്തിയ പണമാണോ ശുചിത്വമിഷനു നൽകിയത്, റീഇംപേഴ്സ ചെയ്തുകിട്ടിയ തുക അതേ പ്രോജക്ടിനു തന്നെ ചെലവഴിക്കണം. എന്നാൽ ഇത്തരം പ്രോജക്ടുകൾ ആവശ്യമില്ലയെങ്കിൽ അനിവാര്യ പ്രോജക്ടുകൾ എടുത്തതിനുശേഷം ശുചിത്വ പ്രോജക്ടുകൾ നടപ്പാക്കുന്നതിന ഉപയോഗിക്കാവുന്നതാണ്.

2.6.4 ഇപ്രകാരം റീഇംപേഴ്സ് ചെയ്തുകിട്ടിയ തുകയും, ഈ തുക ഉപയോഗിച്ച് എടുത്ത പ്രോജക്ടുകളും അതിന്റെ ചെലവും സംബന്ധിച്ച വിശദവിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കണം.

2.7 2016-17 വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ അനുമതി നൽകുന്നു. ഭേദഗതി താഴെ പറയുന്നവയ്ക്കുവേണ്ടി മാത്രമേ നടത്തുവാൻ പാടുള്ളു.

2.7.1 (i) ലോക ബാങ്ക് ഫണ്ടുപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഭേദഗതി

2.7. (ii) പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചു കൊണ്ടുള്ള പദ്ധതികൾ

2.7. (iii) പ്രകൃതിക്ഷോഭം, മഴവെള്ളസംഭരണം, വരൾച്ചയെ നേരിടുന്നതിനുള്ള പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ

2.7. (iv) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ മറ്റു ഫണ്ടുകൾ ഉപയോഗിച്ച് (ഉദാ: MPLAD, MLASDF തുടങ്ങിയവ) നടപ്പാക്കിയ പ്രോജക്ടുകൾ ഒഴിവാക്കി പകരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുമുള്ള ഭേദഗതി.

2.7. (v) എസ്.സി.എസ്.പി, റ്റി.എസ്.പി, ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ പ്രോജക്ടുകൾ തുടങ്ങിയവയ്ക്ക് ഫീസിബിലറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരുന്നാൽ

2.7. (vi) PMAY/IAY പദ്ധതികൾക്കുവേണ്ടി എൽ.എസ്.ജി.ഐ വിഹിതം കണ്ടെത്തുന്നതിനുവേണ്ടി

2.7. (vii) നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി ലഭിക്കാതെ വന്നതിനാൽ ഉപേക്ഷിക്കേണ്ടി വന്ന പ്രോജക്ടുകൾക്ക് പകരം പ്രോജക്ട് ഏറ്റെടുക്കാൻ.

2.7. (viii) ഡി.പി.സി അംഗീകരിച്ചതും എന്നാൽ സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമായ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി

2.7. (ix) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പുതിയപ്രോജക്ടുകൾ എടുക്കാനും പുതുക്കിയ നിരക്കിൽ വയറിംഗ് നടത്താനും ഭേദഗതി ചെയ്യാം

2.7.(x) സർക്കാർ നിർദ്ദേശിക്കുന്ന പുതിയ പ്രോജക്ടുകൾ എടുക്കുന്നതിനായി

2.7 (xi) ഒ.ഡി.എഫ് റീ ഇംപേഴ്സ് ചെയ്തു കിട്ടിയ തുകയ്ക്ക് ഖണ്ഡിക 2.6 ലെ നിർദ്ദേശപ്രകാരം പുതിയ പ്രോജക്ടുകൾ എടുക്കുന്നതിന.

(നടപടി.തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി)

ഖണ്ഡിക 2.7(i) മുതൽ 2.7 (xi) വരെയുള്ള നിബന്ധനകൾ പ്രകാരം പ്രോജക്ടുകൾ ഭേദഗതി വരുത്തുമ്പോൾ ഭേഗഗതി വരുത്താനുള്ള കാരണം നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

2.7.2 തനതു ഫണ്ടിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് പകരം മറ്റു സ്രോതസ്സിലുള്ള ഫണ്ട് ഉപയോഗിക്കുന്നതിന ഭേദഗതി പാടില്ല. എന്നാൽ തനതു ഫണ്ടിനു പകരം ലോകബാങ്ക് വിഹിതം ഉപയോഗിക്കുന്നതിന ഇതു ബാധകമല്ല.

2.7.3 മുൻവർഷം അംഗീകരിച്ച പ്രോജക്ടിൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ ഇനി ഭേദഗതി അനുവദിക്കുകയില്ല.

2.7.3(i) ഏതെങ്കിലും ഭേദഗതിവരുത്താത്ത സ്പിൽഓവർ പ്രോജക്ടുകൾ ഉപേക്ഷിക്കുകയാണെങ്കിൽ പകരം എടുക്കുന്ന പ്രോജക്ടിന്റെ തുക 2016-17 ലെ അനുബന്ധം IV ലെ തുകയിൽ വകയിരുത്തേണ്ടി വരുമെന്നതിനാൽ അത്തരം പ്രോജക്ടുകൾക്കു വാലിഡേഷൻ ബാധകമായിരിക്കും.

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

2.7.4 2016-17 വാർഷിക പദ്ധതി ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ 2017 ജനുവരി 31 ന മുമ്പുതന്നെ ഭേദഗതി ഡി.പി.സി. അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

2.8. ക്ഷീര കർഷകർക്ക് പാലിന സബ്സിഡി നൽകുന്നത് സംബന്ധിച്ച്

2.8.1 (i) ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന പരമാവധി 4 രൂപവരെ സബ്സിഡി നൽകാം

(ii) ക്ഷീര വികസന വകുപ്പ് 1 രൂപയാണ് സബ്സിഡി നൽകുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികമായി സബ്സിഡി നൽകാം. എന്നാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ക്ഷീര വികസന വകുപ്പും ചേർന്ന് കർഷകർക്ക് നൽകുന്ന സബ്സിഡി തുക ഒരു ലിറ്റർ പാലിന 4 രൂപയിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം.

(iii) മറ്റു മാനദണ്ഡങ്ങൾ 30.06.2016-ലെ 2037/2016/തസ്വഭവ ഉത്തരവനുസരിച്ച് തുടരുന്നതായിരിക്കും.

2.9 പച്ചക്കറികൃഷിക്ക് ഗ്രോബാഗ്, വിത്ത്, മിക്സചർ എന്നിവയടക്കം നൽകുന്നതിന 75% സബ്സിഡിയോ, പരമാവധി 60/- രൂപയോ നൽകാവുന്നതാണ്.

2.10 ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകേണ്ടതില്ല എന്ന് തീരുമാനമുണ്ട്. അവ ഇനി മുതൽ വീണ്ടും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വീഴ്ചയായി കണക്കാക്കും.

2.11 സർക്കാർ അനുമതിക്കു വിധേയമായി ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകാൻ പാടില്ല.

2.12 കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. തുടങ്ങിയ നിർവഹണ ഏജൻസികൾക്ക് തുക ഡിപ്പോസിറ്റ് ചെയ്യുമ്പോൾ എസ്റ്റിമേറ്റനുസരിച്ച് പ്രവർത്തി പൂർത്തിയാക്കും എന്ന് കരാർ നിർബന്ധമായും വയ്ക്കണം.

2.13 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ISO 9001:2008 സർട്ടിഫിക്കേഷനുവേണ്ടി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

2.14 ബഡ്സ്സ്ക്കൂൾ, ബഡ്സ്റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് ഇനി മുതൽ വാഹനം വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്താൻ പാടില്ല.

2.14.1 ഇത്തരം സ്ഥാപനങ്ങൾക്ക് വാഹനം വാടകയടിസ്ഥാനത്തിൽ എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ നിന്ന് നൽകാവുന്നതുമാണ്

2.15 കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി നൽകുന്ന വിഷയങ്ങളിൽ വിശദമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം.

2.16 പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 60 വയസ്സു കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതിന നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും എസ്.സി.എസ്.പി/റ്റി.എസ്.പി. ഫണ്ടുപയോഗിക്കാവുന്നതാണ്.

2.17 സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വയറിംഗ് ഗ്രാന്റ് 5000/- രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താം.

2.18 ഇടുക്കി ജില്ലയിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ അവധിയായതിനാൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഇടുക്കിയിൽ താൽകാലികമായി പോസ്റ്റ് ചെയ്യണം.

(നടപടി: ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)

2.19 സംസ്ഥാന ആസൂത്രണബോർഡിന്റെ 'plan space'ലേയക്ക് ഐ.കെ.എം. റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കണം. പ്ലാൻ സ്പേസിൽ നിന്ന് ഐ.കെ.എം. സോഫ്ട് വെയറിലേയ്ക്ക് ലിങ്ക് നൽകണം.

(നടപടി. ഐ.കെ.എം. ഡയറക്ടർ)

2.20 പദ്ധതി നിർവഹണത്തിൽ പുറകിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രത്യേകം ശ്രദ്ധിച്ച് ആവശ്യമായ സഹായ സംവിധാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകണം.

(നടപടി. ബന്ധപ്പെട്ട വകുപ്പുതലവന്മാർ)

2.21.(i) പൊതുമരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 3.11.2016 -ലെ സർക്കുലറിൽ താഴെപ്പറയുന്ന തിരുത്തൽ വരുത്തണം

2.21.(ii) ഉദ്യോഗസ്ഥരുടെ അധികാര പരിധിക്കനുസരിച്ച് സാങ്കേതികാനുമതി നൽകുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കിയവരോ നിർവഹണ ഉദ്യോഗസ്ഥരോ ആയവർ ഒരു കാരണവശാലും ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകാൻ പാടില്ല. ഇത്തരം കേസുകളിൽ തൊട്ടു മുകളിലുള്ള ഉദ്യോഗസ്ഥർ തന്നെ സാങ്കേതികാനുമതി നൽകണം

(നടപടി: 1. തദ്ദേശ സ്വയംഭരണ വകുപ്പ്,
2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)

2.21 ചട്ടപ്രകാരം പ്രത്യേകമായ സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ ആവശ്യമില്ലാത്ത കേസുകളിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2.22 കോഓർഡിനേഷൻ കമ്മിറ്റിക്കു വരുന്ന പ്രോജകട് ഭേദഗതികളിൽ പുതിയ തായി തനത് ഫണ്ട് കൂടി ചേർത്തുള്ളവയാണെങ്കിൽ തദ്ദേശഭരണ സ്ഥാപന ത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ തനത് ഫണ്ട് സംബന്ധിച്ച് സാക്ഷ്യപത്രം ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഉൾപ്പെടുത്തിയിരിക്കണം. കഴിഞ്ഞ 3 വർഷക്കാലത്തെ ശരാശരി ഫണ്ടിനെക്കാൾ വളരെക്കൂടുതൽ തുക തനതുഫണ്ടായി കാണിക്കുമ്പോൾ ആയതിനുള്ള സാധ്യതകൂടി വ്യക്ത മാക്കണം.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ്)

2.23 കാർഷിക സബ്സിഡി തുക ഇനി മുതൽ ബാങ്ക് അക്കൗണ്ട് വഴിമാത്രമേ

നൽകാവു.

## III പ്രത്യേക വിഷയങ്ങൾ

3.1 മഞ്ചേരി നഗരസഭ ചെയർപേഴ്സന്റെ 15.11.2016- ലെകത്ത്

**ഈ വർഷം ഉല്പാദന മേഖലയിൽ വകിയിരുത്തിയിരുന്ന (വനിത ഘടക പദ്ധതിയിലും ഉൾപെട്ടിരിക്കുന്നു) തുകയിൽ നിന്ന് 50.00 ലക്ഷം രൂപ മറ്റു മേഖലയിലേയ്ക്ക് വകമാറ്റാനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.2 കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്തും 22.10.16 ലെ 123(2) 16-ാം നമ്പർ ഭരണ സമിതി തീരുമാനവും.

**2016-17 വർഷം ശുചിത്വം മാലിന്യം സംസ്ക്കരണത്തിനായി മാറ്റി വച്ചിട്ടുള്ള നിർബന്ധിത വിഹിതം ഒഴിവാക്കി ആ തുക കൂടി ജലനിധി പദ്ധതിക്കായി അടയ്ക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

**തീരുമാനം:-** അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.3 പരവൂർ നഗരസഭാചെയർമാന്റെ 16.11.16 ലെ കത്ത്.

**ബസ് സ്റ്റാന്റ് വികസനത്തിനായി മുൻപ് രണ്ടു ഘട്ടങ്ങളിലായി അക്വയർ ചെയ്ത സ്ഥലത്തിന്റെ വില കുറവായതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധിച്ച തുക നൽകാൻ (49,95,500/- രൂപ) ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** തനതുഫണ്ട് ഇല്ലെങ്കിൽ പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ട് വകയിരുത്താൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.4 ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2016 ലെ കത്ത്.

**പൂരകപോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന ലഭിച്ച കേന്ദ്രസഹായത്തിലെ മിച്ചം വന്ന 43.00 ലക്ഷം രൂപ ഉപയോഗിച്ച് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരമില്ലാതെ പണി ആരംഭിച്ച നാല് അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന അനുമതി സംബന്ധിച്ച്**

**തീരുമാനം:-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (സി.ഡി2)/16 വകുപ്പ്)

3.5 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.16- ലെ കത്തും 19.08.16 ലെ 1 (8), 1 (9), 1 (10), 5-9-16 ലെ 1 (4) -ാം നമ്പർ തീരുമാനങ്ങളും

താഴെപറയുന്നവർക്ക് തനത് ഫണ്ടിൽനിന്ന് വേതനം നൽകാൻ അനുമതി സംബന്ധിച്ച്

1. മാലിന്യസംസ്കരണത്തിനുള്ള ബയോഗ്യാസ് പ്ലാന്റിന്റെ ഓപ്പറേറ്റർക്ക് വേതനം
2. സർക്കാർ ക്ലിനിക്കൽ ലാബിനുള്ള ഉപകരണങ്ങൾ ആരോഗ്യവകുപ്പു നൽകി. എന്നാൽ ടെക്നീഷ്യനെ നിയമിച്ചില്ല. ലാബ് ടെക്നീഷ്യനുള്ള വേതനം.

3. പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി MLASDF ഫണ്ടിൽ നിന്നും നൽകിയ ആംബുലൻസിന്റെ ഡ്രൈവർക്കുള്ള വേതനം

4. മൂന്ന് സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരുടെ കുറവുള്ളതിനാൽ ടീച്ചേഴ്സ് ബാങ്കിൽ നിന്ന് അദ്ധ്യാപകരെ നിയമിച്ച് അവർക്കുള്ള വേതനം.

താഴെപ്പറയുന്ന പ്രകാരം തീരുമാമെടുത്തു.

**തീരുമാനം:-**

*ക്രമനമ്പർ (1)* *ആദ്യത്തെ ഒരു വർഷം തനത്ഫണ്ട് ഉപയോഗിച്ച് വേതനം നൽകാൻ അനുമതി നൽകുന്നു. പിന്നീട് യൂസർ ഫീ ഉപയോഗിച്ച് ചെലവ് നടത്തണം.*

*ക്രമനമ്പർ (2)* *എച്ച്.എം.സി ഫണ്ട് ഉപയോഗിച്ച് വേതനം നൽകണം. എച്ച്.എം.സി ഫണ്ട് തികയാതെ വരുമ്പോൾ തനത ഫണ്ട് ഉപയോഗിക്കാവുന്നതാണ്.*

*ക്രമനമ്പർ (3)* *സംഭാവനയിലൂടെ ലഭിക്കുന്ന തുക ഉപയോഗിക്കണം. സംഭാവന തുക ഇല്ലാതെ വരുമ്പോൾ തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.*

*ക്രമനമ്പർ (4)* *04.08.2016-ലെ 2539/16/പ.വി.വ ഉത്തരവ് പ്രകാരം അദ്ധ്യാപകരെ ദിവസവതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുന്നു.*

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1.) വകുപ്പ്)

3.6 <u>നൂറനാട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.16-ലെ സി. 5-1579/16-ാം നമ്പർ കത്തും 4.10.16 ലെ 5(1)-ാം നമ്പർ തീരുമാനവും,</u>

വൃദ്ധജനക്ഷേമത്തിനു മാറ്റി വയ്ക്കേണ്ട 5% വികസന ഫണ്ടുതുകയിൽ നിന്ന് വൃദ്ധജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പുനടത്തി ആയുർവേദമരുന്നു നൽകുന്നതിന 4.00 ലക്ഷം രൂപയുടെ പ്രോജക്ടിന അനുമതി സംബന്ധിച്ച്.

**തീരുമാനം:-** ക്യാമ്പു നടത്താതെ ആശുപത്രി സൗകര്യമുപയോഗിച്ച് വൃദ്ധജനങ്ങൾക്ക് മരുന്ന് നൽകുന്നതിന അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.7 <u>നൂറനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.16 ലെ സി5-1579/16-ാം നമ്പർ കത്തും 06.08.16 ലെ 4-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>.

**പാലിയേറ്റീവ് പരിചരണത്തിന്റെ ആവശ്യത്തിലേക്ക് പഞ്ചായത്തിനു സൗജന്യമായി ലഭിച്ച ഓമ്നിവാനിന്റെ ഡ്രൈവറുടെ വേതനം, ഇന്ധനചെലവ്, മെയിന്റനൻസ് എന്നിവ എച്ച്.എം.സി. ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ആംബുലൻസ് പി.എച്ച്.സി ക്കുവേണ്ടി ഏറ്റെടുക്കുന്നതുസംബന്ധിച്ച് എച്ച്.എം.സി. തീരുമാനമെടുക്കണം. അപ്രകാരം ഏറ്റെടുക്കുകയാണെങ്കിൽ ഡ്രൈവറുടെ വേതനം, ഇന്ധനചെലവ്, മെയിന്റനൻസ് എന്നിവ എച്ച്.എം.സി. ഫണ്ടിൽ നിന്നു നൽകാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.8 <u>കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സന്റെ 28.10.16 ലെ 1857/16(1)-ാം നമ്പർ കത്ത്.</u>

**പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് സ്വയംതൊഴിലിനുള്ള ടാക്സികാർ/ പിക്കപ്പ് വാൻ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന പ്രായപരിധി ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്**

**തീരുമാനം:-** സ്വയംതൊഴിൽ പദ്ധതിയുടെ പ്രായപരിധി 18-നും 50-നും ഇടയിലായി നിശ്ചയിച്ചു തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ.1) വകുപ്പ്)

3.9 <u>ശ്രീകൃഷ്ണപുരം ബ്ലോക്കുപഞ്ചായത്തു പ്രസിഡന്റിന്റെ 19.11.16 ലെ കത്ത്.</u>

**ക്ഷീരകർഷകർക്ക് പാലിനുസബ്സിഡി നൽകുന്നതു സംബന്ധിച്ച്.**

ക്ഷീര കർഷകർക്ക് പാലിന സബ്സിഡി ക്ഷീരവികസന വകുപ്പുമുഖേന നൽകുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കുന്നത് സംബന്ധിച്ച്

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 2.8 ബാധകം

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.10 <u>ശ്രീ. കൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 19.11.16 ലെ കത്ത്.</u>

**കാഴ്ചകുറഞ്ഞവർക്ക് കണ്ണടവാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിക്കുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.11 <u>വെട്ടിക്കവല ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ സി.1775/16-ാം നമ്പർ കത്തും 04.10.16 ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

**അംങ്കണവാടിമുറ്റത്തും സ്കൂളിലും പച്ചക്കറികൃഷിക്കുള്ള രണ്ടു പ്രോജക്ടുകൾക്ക് അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.12 <u>കൊല്ലം കോർപ്പറേഷൻ മേയറുടെ 18.11.2016 ലെ പി.സി.ഐ. 7200/16-ാം നമ്പർ കത്ത്.</u>

**വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്.**

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 2.7 ബാധകമാണ്

(നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി.ബി) വകുപ്പ്)

3.13 <u>കൊല്ലം കോർപ്പറേഷൻ മേയറുടെ 17.11.2016-ലെ സി1-41/2016-ാം നമ്പർ കത്ത്.</u>

**ഭവനപദ്ധതിയിൽ നിർമ്മാണം മുടങ്ങിയിട്ടുള്ളവരുടെ കരാർപത്രം റദ്ദുചെയ്യുന്നതിന കോർപ്പറേഷൻ തലത്തിൽ സബ്ബ്കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം:-** ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം കോർപ്പറേഷൻ സെക്രട്ടറി സമർപ്പിക്കണം. വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.14 കൊല്ലം കോർപ്പറേഷൻ മേയറുടെ 19.11.2016 ലെ പി.സി.1-7200/16-ാം നമ്പർകത്തും 11.11.16 - ലെ 35-ാം നമ്പർ കൗൺസിൽ തീരുമാനവും

**കാർഷിക കർമ്മസേന എന്ന പ്രോജക്ടിലെ ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതു സംബന്ധിച്ച്**

**തീരുമാനം:-** അനുമതി നിരസിച്ചു

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി3) വകുപ്പ്)

3.15 കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.10.16-ലെ ഇ2-1237/16-ാം നമ്പർ കത്ത്,

**പൊതുവിഭാഗം ഫണ്ടിൽ നിന്ന് 15% ലധികം തുക ഭവനനിർമ്മാണത്തിനു വയിരുത്തിയിരിക്കുന്നു. ഇതിനു പ്രത്യേക അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** *അനുമതി നൽകുന്നു*

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.16 കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.10.16 ലെ ഇ2-1237/ 16-ാം നമ്പർ കത്ത്.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ഫ്ളാറ്റ് നിർമ്മാണത്തിന യൂണിറ്റ് ചെലവ് അധികരിച്ചിരിക്കുന്നതിനാൽ പ്രത്യേക അനുമതി സംബന്ധിച്ച്.**

യൂണിറ്റ് ചെലവ് 22.00 ലക്ഷം രൂപയാണ്.

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.17 പായിപ്രഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.2016 ലെ എ3-8312/16-ാം നമ്പർ കത്തും ബഹു. മൂവാറ്റുപുഴ എം.എൽ.എ യുടെ 22.11.16 ലെ കത്തും.

**കുടിവെള്ള പദ്ധതിയുടെ കറണ്ടുചാർജ്ജ് കുടിശ്ശികയായ 28,53,707/- രൂപ അടയ്ക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

**തീരുമാനം:-** അനുമതി നൽകുന്നു. പലിശയും പിഴപലിശയും ഒഴിവാക്കി നൽകാൻ ആവശ്യപ്പെടണം.

(നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.18 ഒറ്റപ്പാലം ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.16 ലെ കത്തും 28.09.2016 ലെ 2(3)-ാം നമ്പർ ഭരണസമിതി തീരുമാനവും

**ഈ വർഷത്തെ മാലിന്യനിർമ്മാർജ്ജന പദ്ധതിപ്രകാരം ബ്ലോക്കു പഞ്ചായത്തു പരിധിയിലെ ഗ്രാമപഞ്ചായത്തിലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റു നിർമ്മാണത്തിനു ധനം സഹായം നൽകുന്നതിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** ഗ്രാമ പഞ്ചായത്ത് നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നൽകാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.19 ഒറ്റപ്പാലം ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.16 ലെ കത്തും 28.09.16 ലെ 2 (4)-ാം നമ്പർ ഭരണ സമിതി തീരുമാനവും

**''പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ" എന്ന സ്പിൽ ഓവർ പ്രോജക്ടിൽ ഈ വർഷത്തെ പ്ലസ്വൺ വിദ്യാർത്ഥികൾക്കുകൂടി ഫർണിച്ചർ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.20. ഒറ്റപ്പാലം ബ്ലോക്കുപഞ്ചായത്തു പ്രസിഡന്റിന്റെ 22.11.16 ലെ കത്തും 28.09.2016 ലെ 2 (5)-ാം നമ്പർ ഭരണസമിതി തീരുമാനവും

കുടുംബശ്രീ ജില്ലാമിഷനു തുക കൈമാറി 'പ്ലാൻമിത്ര' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷാ വാങ്ങലും എന്ന പ്രോജക്ട് നടപ്പാക്കാനുള്ള അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്ലാൻ മിത്ര എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്താനും പ്രോജക്ടിന അനുമതി നൽകാനും തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.21. ഒറ്റപ്പാലം ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 22.11.16 ലെ കത്തും 14.11.2016 ലെ 1 (2)-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ഈ വർഷം മാലിന്യനിർമ്മാജ്ജനത്തിന 48,53,058/- രൂപ വകയിരുത്തി ഉറവിടത്തിൽ മാലിന്യം സംസ്കരിക്കുന്നതിന ബയോബിൻ നൽകുന്ന പ്രോജക്ടിൽ 90% തുകയും സബ്സിഡി നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച്.**

*പരമാവധി 75% സബ്സിഡി നൽകി പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അനുമതിയോടെ നടപ്പാക്കാൻ അനുമതി നൽകുന്നു. പ്രോജക്ട് നടപ്പാക്കുമ്പോൾ ഒരു മേഖലയിലെ എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി സമഗ്രപദ്ധതിയായി നടപ്പാക്കണം.*

**തീരുമാനം:-** പദ്ധതി ഗ്രാമപഞ്ചായത്തുവഴി നടപ്പാക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.22. ഏലൂർ മുനിസിപ്പൽ ചെയർമാന്റെ 22.11.2016 ലെ എച്ച്1-912/16-ാം നമ്പർ കത്ത്.

**ഭവന നിർമ്മാണത്തിനുള്ള സ്പിൽ ഓവർ പ്രോജക്ടിൽ യൂണിറ്റ് ചെലവ് വർദ്ധിപ്പിച്ച് ഗുണഭോക്താക്കളുടെ എണ്ണം കുറക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭേദഗതി സംബന്ധിച്ച് പൊതുതീരുമാനം ഖണ്ഡിക2.7ബാധകമായിരിക്കും.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി1) വകുപ്പ്)

3.23. ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.16 ലെ സി3-581/16(1) നമ്പർ കത്തും 01.10.2016 ലെ 4(1) ാം നമ്പർ ഭരണ സമിതി തീരുമാനവും

കെ.എസ്.എച്ച്.ബി-യുടെ നിയന്ത്രണത്തിലുള്ള സാഫല്യം എന്ന പാർപ്പിട സമുച്ചയത്തിൽ 48 കുടുംബങ്ങൾ താമസിക്കുന്നു. ഇതിന ചുറ്റുമതിൽ, പൊതുശൗചാലയം, മാലിന്യപ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ നിർമ്മിക്കുന്നതിന 5.00 ലക്ഷം തനതുഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്ടിന (പ്രോ.നം. 127/17) അനുമതി സമ്പന്ധിച്ച്.

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.24. ബഹു. മൂവാറ്റുപുഴ എം.എൽ.എയുടെ 23.11.2016 ലെ 546/161 എം.വി.വി.എ നമ്പർ കത്ത.

**എറണാകുളം ജില്ലാ പഞ്ചായത്തും വാളകം ഗ്രാമപഞ്ചായത്തും ചേർന്ന് കൊയ്തുമെതിയെന്ത്രത്തിന ഗുണഭോക്തൃവിഹിതം ഒഴിവാക്കാനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** കൊയ്ത് മെതിയെന്ത്രത്തിന 10 ശതമാനം ഗുണഭോക്തൃവിഹിതം വേണം എന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഭാവിയിലെ അറ്റകുറ്റപ്പണിയടക്കം മറ്റു ആവർത്തന ചെലവ് കാർഷിക കർമ്മസേന / പാടശേഖര സമിതി നടത്തണമെന്ന് കരാർ വയ്ക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ.1) വകുപ്പ്)

3.25 ബഹു. ഉദുമ എം.എൽ.എ.യുടെ 23.11.16 ലെ കത്തും കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ ബി2-3644/3(1)-ാം നമ്പർ കത്തും 30.05.16 ലെ 76/16-ാം നമ്പർ ഭരണസമിതി തീരുമാനവും

**ശുചിത്വമിഷന്റെ സാങ്കേതിക അനുമതി ലഭിക്കുന്നതിനു മുമ്പ് മാലിന്യസംസ്കരണ പ്രോജക്ട നടപ്പാക്കിയതിന സാധൂകരണം നൽകണ മെന്നതു സംബന്ധിച്ച്.**

**തീരുമാനം:-** 1. സാധൂകരണം നൽകുന്നു.

2. സംസ്ഥാന ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതിക അനുമതിക്കുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.26. ചേലേമ്പ്രഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ കത്തും 15.10.16 ലെ III -ാം നമ്പർ, 28.10.16 ലെ V (1)-ാം നമ്പർ എന്നീ ഭരണസമിതി തീരുമാനങ്ങളും.

**ആശ്രയപദ്ധതിയിൽപ്പെട്ട രണ്ടു കുടുംബത്തിന വീടു അറ്റകുറ്റപ്പണി ചെയ്തു നൽകുന്നതിനുപകരം പുതിയ വീടു നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.27. ശൂരനാട് വടക്ക്ഗ്രാമ പഞ്ചായത്തുപ്രസിഡന്റിന്റെ 23.11.16 ലെ എസ്4-8726/15-ാം നമ്പർ കത്ത്.

**എസ്.സി. കുടുംബങ്ങൾക്ക് നൽകുന്ന വാട്ടർ ടാങ്കിന 11000/- രൂപ നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ.2) വകുപ്പ്)

3.28. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.16 ലെ കത്തും 28.10.2016 ലെ 11 (2)-ാം നമ്പർ ഭരണ സമിതി തീരുമാനവും

**ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 2.8 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.29. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.11.2016 ലെ സി. 585/2016-ലെ കത്ത്.

"മെയിന്റനൻസ് ഗ്രാന്റ്" ഉപയോഗിച്ച് പി.എച്ച്.സി. ടോയ്ലെറ്റ് അറ്റകുറ്റപ്പണി എന്ന് 14.11.16 ലെ കോർഡിനേഷൻ കമ്മിറ്റി മിനിറ്റ്സിൽ തെറ്റായി രേഖപ്പെടുത്തിയത് "നിർമ്മൽ ഗ്രാം പുരസ്കാരഫണ്ട്" എന്ന് തിരുത്തി നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം:-** "നിർമ്മൽഗ്രാം പുരസ്കാരഫണ്ട്" എന്ന് തിരുത്തുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.30. കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.11.16-ലെ കത്തും 04.11.16 ലെ 24-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം കൂടാതെ നടപ്പാക്കിയ പ്ലാപ്പള്ളി ഗവ: എൽ.പി.സ്കൂളിന്റെ കഞ്ഞിപ്പുര നിർമ്മാണത്തിന സാധൂകരണം സംബന്ധിച്ച്.**

**തീരുമാനം:-** മേഖലയിലെ ഏക സ്കൂളായതിനാൽ സാധൂകരണം നൽകുന്നു.

അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാലുവേഷന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അനുമതിയോടെ തുക നൽകാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.31. <u>പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 167/17-ാം നമ്പർ പ്രോജക്ടും.</u>

**വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കൈത്താങ്ങ് വയോജനക്ഷേമ പദ്ധതി എന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.32. <u>പമ്പ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറിയുടെ 18.11.16 ലെ കത്തും.പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 06.08.16 ലെ (2-10) നമ്പർ തീരുമാനവും.</u>

**പമ്പപരിരക്ഷണസമിതിയുടെ പരിസ്ഥിതിവിജ്ഞാനകേന്ദ്രത്തിന് പത്തനംത്തിട്ട ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.33. <u>പീലിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.12.2016 ലെ കത്തും 30.11.2016-ലെ 2-ാം നമ്പർ ഭരണസമിതി തീരുമാനം.</u>

**റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ടെണ്ടർ സേവിംഗ്സ് ആയി ലഭിച്ച 50.00 ലക്ഷം രൂപ കുടിവെള്ള പദ്ധതിക്ക് ഉപയോഗിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.34. <u>തിരൂർ നഗരസഭ ചെയർമാന്റെ 14.12.16 ലെ കത്തും 29.11.16 -ലെ 30-ാം നമ്പർ കൗൺസിൽ തീരുമാനവും</u>

**തിരൂർ തുഞ്ചൻ സ്മാരകത്തിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.35. <u>കോട്ടുവള്ളിഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.16 ലെ കത്തും 26.11.16 ലെ 13 (20)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

**പഞ്ചായത്തിൽ അധികമായി ഉദ്യോഗസ്ഥരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്)

3.36 അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.16 ലെ എ1-1147/16/12-ാം നമ്പർ തീരുമാനം.

**അയ്മനം കവലയിൽ ദേവസ്വം ബോർഡിന്റെ കൂടി ഉടമസ്ഥതയിലുള്ള സ്ഥലത്ത് അടിസ്ഥാനസൗകര്യം ഒരുക്കുന്നതു സംബന്ധിച്ച് .**

**തീരുമാനം:-** ദേവസ്വം ബോർഡിന്റെ സമ്മതപത്രം വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.37 അയ്മനം പഞ്ചായത്തുപ്രസിഡന്റിന്റെ 07.12.16 ലെ കത്തും 02.12.16 ലെ 14-ാം നമ്പർ തീരുമാനവും.

**ലൈസൻസുള്ള സർവ്വയർമാരെ ഉപയോഗിച്ച് പുറമ്പോക്കുസ്ഥലം അളന്നു തിരിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(നടപടി:തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.38. അയ്മനം ഗ്രാമ പഞ്ചായത്തുപ്രസിഡന്റിന്റെ 07.12.16 ലെ കത്തും എ1-1147/16/1-ാം മ്പർ ഭരണസമിതി തീരുമാനവും.

**പച്ചക്കറി പ്രോത്സാഹനത്തിന ഗ്രോബാഗിനോടൊപ്പം വിത്ത്, വളം എന്നിവ കൂടി നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.9 ബാധകം

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.39. മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സന്റെ കത്ത്. (എൽ.എസ്.ജി.ഡി-എബി2/352/2016 - തദ്ദേശ സ്വയംഭരണ വകുപ്പ്.

**2013-14, 204-15 വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ 'വിദ്യാവിസ്മയം' എന്ന പേരിലുള്ള രണ്ടു പ്രോജക്ടുകൾ (പ്രോ.നം. 130/14, 131/14 അടങ്കൽ യഥാക്രമം 4.00 ലക്ഷംരൂപ 1.00 ലക്ഷം രൂപ) ഡി.പി.സി.യുടെ അംഗീകാരത്തോടെ നടപ്പാക്കി. ഇതു മുനിസിപ്പാലിറ്റിയുടെ ചുമതലയിലുള്ളതല്ല എന്ന കാരണം കാണിച്ച് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. സാധൂകരണം സംബന്ധിച്ച്.**

**തീരുമാനം:-** ഇതിനു സാധൂകരണം നൽകുന്നു. ഇത്തരം ഘടകങ്ങൾക്കെതിരെ ഓഡിറ്റു വിഭാഗം കുറിപ്പെഴുതുന്നത് ശരിയല്ല എന്ന് നിരീക്ഷിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (എ.ബി2) വകുപ്പ്)

3.40. <u>ബഹു. നിലമ്പൂർ എം.എൽ.എയുടെ 08.11.16 ലെ കത്തും IAY ഗുണഭോക്താവ് ശ്രീമതി തങ്കയുടെ കത്തും.</u>

**2013-14-ൽ IAY ഭവനനിർമ്മാണ പദ്ധതിപ്രകാരം വീടിനു 1,40,000/- രൂപ ശ്രീമതി തങ്കക്ക് നൽകി. തറവിസ്തീർണ്ണം കൂടിയതിനാൽ ബാക്കി തുക നൽകിയില്ല. ഇത് നൽകണമെന്ന ആവശ്യം സംബന്ധിച്ച്.**

**തീരുമാനം:-** 1. വീടന്റെ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം തറവിസ്തീർണ്ണം നോക്കാതെ അർഹതയുള്ള ബാക്കിതുക നൽകാൻ നിർദ്ദേശിക്കുന്നു.

2. ഈ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുമ്പോൾ ഇതിലും അർഹതയുള്ള ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഗ്രാമവികസന കമ്മീഷണർ നടപടി സ്വീകരിക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.41 <u>പെരിന്തൽമണ്ണ മുനിസിപ്പൽ ചെയർമാന്റെ 26.11.2016 ലെ പി1-1056/16-ാം നമ്പർ കത്ത് (DA1/434/2016 തദ്ദേശ സ്വയംഭരണ വകുപ്പ്.</u>

**ജൈവ വള സബ്സിഡി നൽകുന്നതു സംബന്ധിച്ച്.**

മുൻപ് ജൈവവള സബ്സിഡി ഗുണഭോക്താക്കൾക്ക് ബാങ്ക് വഴിയായിരുന്നു നൽകുന്നത്. 04.11.16 ലെ 3018/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഇത് ബാങ്ക് വഴി നൽകേണ്ടതില്ല എന്ന് ഉത്തരവായിട്ടുണ്ട്.

**തീരുമാനം:-** 1. ജൈവവള സബ്സിഡി ഗുണഭോക്താവിന ഇനി മുതൽ ബാങ്കു വഴി പണമായി നൽകേണ്ടതാണ്.

2 .ഇപ്പോൾ ഗുണഭോക്താക്കൾ നാമമാത്രകർഷകർ മാത്രമാണ് ഈ പദ്ധതിയിൽ ചെറുകിട കർഷകരെക്കൂടി ഉൾപ്പെടുത്തുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡിഎ1) വകുപ്പ്)

3.42. <u>പാട്യം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.16 ലെ എ3-5332/16-ാം നമ്പർ കത്തും 25.08.2016 ലെ 112-ാം നമ്പർ തീരുമാനവും.</u>

**പ്ലാസ്റ്റിക് റീസൈക്കിൾ യൂണിറ്റിലെ വനിതകൾക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ദിവസവേതനാടിസ്ഥാനത്തിൽ വേതനം നൽകാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.43. <u>തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.16ലെ സി/03/2016/പ്ലാൻ നമ്പർ കത്തും 31.10.2016 ലെ 215/1617 നമ്പർ ഭരണസമിതി തീരുമാനവും (ഡി.ഡി.1/381/2016 തദ്ദേശ സ്വയംഭരണ വകുപ്പ്)</u>

**2015-16 ലെ IAY ഭവനപദ്ധതിപ്രകാരം 74 കുടുംബങ്ങൾക്ക് വീടുനൽകാൻ പ്രോജക്ട് തയ്യാറാക്കി. സംസ്ഥാനവിഹിതം ലഭിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്**

**തീരുമാനം:-** അനുനതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.44 ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.10.16 ലെ 2127/സി6/2016/എസ്.എം.നമ്പർ കത്ത് (ഡി.ഡി2/402/16 തദ്ദേശസ്വയംഭരണ വകുപ്പ് (നെടുമങ്ങാട് ബ്ലോക്കു പഞ്ചായത്ത്)

**"പ്ലാസ്റ്റിക് അജൈവ ഖര മാലിന്യമുക്ത ബ്ലോക്ക്" എന്ന നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിന്റെ അംഗീകാരം സംബന്ധിച്ച്. ഇതിന്റെ അടങ്കൽ തുക 92.76 ലക്ഷം രൂപയാണ്.**

**തീരുമാനം:-** 50 ശതമാനം തുക ശുചിത്വമിഷനിൽ നിന്നും നൽകാമെന്ന് എക്സിക്യൂട്ടീവ്ഡയറക്ടർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു. ബാക്കിതുക ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.45 വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 30.07.2016 4939/എഫ്.ബി.1/83/ ജി.സി.ഡി.എ നമ്പർ കത്ത്.

**വിശാല കൊച്ചി വികസന അതോറിറ്റിക്ക് (ജി.സി.ഡി.എ) 32 തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാനുള്ള അംശാദായകുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ട വിഷയം

(നടപടി:തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്)

3.46. കോഴിക്കോടു പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടറുടെ 23.08.16 ലെ ജെ7-27075/16-ാം നമ്പർ കത്തും പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.06.16 ലെ എ3-144(21) 16-ാം നമ്പർ കത്ത് (832877/16 തദ്ദേശസ്വയം ഭരണ വകുപ്പ് OS)

**2013-14 വർഷം നിർമ്മല്ലൂർ - വാഴോറമാലകുടി വെള്ള പദ്ധതിക്ക് എസ്റ്റിമേറ്റുപ്രകാരം 76.00 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഡി.എസ്.ആർ. നിരക്കിൽ എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ 89.25 ലക്ഷം രൂപയായി. അധിക തുക കൂടി നൽകാനുള്ള അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** ഈ തുകയ്ക്ക് നിർമ്മാണം പൂർത്തിയാക്കാമെന്ന് കേരള വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ചതിനുശേഷം തുക നൽകാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.47. പരപ്പബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 29.09.16 ലെ കത്തും 28.09.16 ലെ 1(5) ാം നമ്പർ തീരുമാനവും (എൽ.എസ്.ജി.ഡി ഡിഡി2371/16. തദ്ദേശസ്വയംഭരണ വകുപ്പ്)

**ബ്ലോക്ക് പഞ്ചായത്തിനെ ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന പദ്ധതി വിഹിതം ചെലവഴിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി2) വകുപ്പ്)

3.48. കരുവാരകുണ്ട് ഗ്രാമപഞ്ചായത്ത് വിസകന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ 14.12.16 ലെ കത്തും. 01.11.16 ലെ 4 (1)-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ഭിന്നശേഷി വിഭാഗക്കാർക്ക് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനു വാഹനം വാങ്ങുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** വാഹനം വാടകയ്ക്ക് എടുക്കാൻ അനുമതി നൽകുന്നു. വാടക തനതുഫണ്ടിൽ നിന്നു നൽകാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.49. ചെറുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 29.11.16 ലെ കത്തും 31.10.16 ലെ 13-ാം നമ്പർ ഭരണസമിതി തീരുമാനവും.

**ഗ്രോബാഗിന് സബ്സിഡി 60 രൂപയായി വർദ്ധിപ്പിക്കണമെന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.9 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.50. ബഹു. പയ്യന്നൂർ എം.എൽ.എയുടെ 01.11.16 ലെ കത്തും കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 05.10.16 ലെ കത്തും

**ക്യാരി ഓവർ തുക അനുവദിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** നിലവിലെ രീതി ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ തുടരുന്നതായിരിക്കും

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.51. ബഹു. പേരാവൂർ എം.എൽ.എ യുടെ 13.12.16 ലെ കത്തും അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.12.16-ലെ കത്തും

**ശാരീരിക - മാനസിക വെല്ലുവിളിനേരിടുന്നവർക്ക് ഉപകരണം നൽകുന്നതു സംബന്ധിച്ച്.**

**ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്നതിന് ഫണ്ട്വകയിരുത്താവുന്നത് ജില്ല/ബ്ലോക്കു പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ്. ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** *ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തുന്നു.*

(നടപടി:തദ്ദേശസ്വയംഭരണ (ഡി. എ1) വകുപ്പ്)

3.52. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.16 ലെ ഡി1-155/16 -ാംനമ്പർ കത്ത്. വൈസ് പ്രസിഡന്റിന്റെ 30.11.16 ലെ കത്ത്, 08.11.2016 ലെ 1 (2)-ാം നമ്പർ, 1 (3)ാം നമ്പർ എന്നീ ഭരണസമിതി തീരുമാനങ്ങൾ.

**1. ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കാനുള്ള പ്രോ. നം. 770/17, 776/17 എന്നീ പ്രോജക്ടുകൾ വെറ്റു ചെയ്യുന്നതു സംബന്ധിച്ച്.**

ഐ.കെ.എം.ന്റെ സഹായത്തോടെ ഈ പ്രോജക്ട് അടിയന്തിരമായി വെറ്റിംഗ് നടത്താനുള്ള നടപടി സ്വീകരിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഇതു സംബന്ധിച്ച റിപ്പോർട്ടു നൽകണം.

2. ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് അധികമായി ഒരു പശുവിനെ കൂടി നൽകാൻ ഓരോ സംഘത്തിനും 2.00 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതു സംബന്ധിച്ച്.

**തീരുമാനം:-** നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബാങ്ക് ലിങ്ക്ഡ് ലോണായി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.53. തിരൂർ നഗരസഭ ചെയർമാന്റെ 14.12.16 ലെ കത്തും 29.11.16 ലെ 29-ാം നമ്പർ തീരുമാനവും.

**മലബാർ കലാപത്തിൽ കൊലചെയ്യപ്പെട്ടവരുടെ സ്മരണാർത്ഥം കോട്ട്, കോരങ്ങത്ത് ജുമാമസ്ജിദുകൾ ചരിത്രസ്മാരകമാക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്കു സമർപ്പിക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.54. കൊണ്ടോട്ടി ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.16 ലെ കത്തും 05.11.16 ലെ 3/01-ാം നമ്പർ ഭരണ സമിതി തീരുമാനവും

**കൃഷിമേഖലയിൽ രോഗബാധിത തെങ്ങുവെട്ടിമാറ്റി പുതിയവ നടൽ, ടിഷ്യുകൾച്ചർ വാഴതൈവിതരണം, പയർ വിത്ത് വിതരണം, ഫലവൃക്ഷതൈ വിതരണം, എന്നീ നാലു പ്രോജക്ടുകൾ ഡി.പി.സി അംഗീകരിച്ചിരുന്നു. സമാന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപ്പാക്കാൻ അനുമതി സംബന്ധിച്ചു.**

**തീരുമാനം:-** *ഗ്രാമപഞ്ചായത്തു മുഖേന നടപ്പാക്കാൻ അനുമതി നൽകുന്നു.*

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.55. പുളിമാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.16 ലെ എ2-3515/16-ാം നമ്പർ കത്ത്.

**ബഡ്സ് സ്കൂളിനു വാഹനം വാങ്ങുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.14 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.56 കൊല്ലം ജില്ലാ പഞ്ചായത്ത്പ്രസിഡന്റിന്റെ 09.11.16 ലെ എ6-720/2016-ാം നമ്പർ കത്ത്.

**ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ മണ്ണുസംരക്ഷണ പ്രവർത്തികൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ഇതു സംബന്ധിച്ച് കൊല്ലം ജില്ലാ പഞ്ചായത്തു സെക്രട്ടറി വിശദമായ റിപ്പോർട്ട് സമർപ്പിക്കണം. അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.57. മണ്ണാർക്കാട് നഗരസഭാ ചെയർപേഴ്സന്റെ 03.12.16 ലെ 16570/16-ാം നമ്പർ കത്ത്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിന അധിക തുക നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ഇതു വിശദമായി പരിശോധിച്ച് എത്ര കുട്ടികൾക്കാണ് പഠനോപകരണങ്ങൾ നൽകുന്നതെന്നടക്കമുള്ള റിപ്പോർട്ട് മുനിസിപ്പൽ ഡയറക്ടർ നൽകണം. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ മാറ്റിവച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.58. കേരള ഗ്രാമപഞ്ചായത്ത് അസ്സോസിയേഷന്റെ 13.12.16 ലെ KGPA/LMLSGD/20161213 നമ്പർ കത്ത്.

**മുട്ടക്കോഴി സബ്സിഡി റേറ്റ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്.**

മാർഗ്ഗരേഖപ്രകാരം കോഴി, കാട, താറാവ് എന്നിവയ്ക്ക് നൽകാവുന്ന സബ്സിഡി വിലയുടെ 75%വും പരമാവധി 500/- രൂപയുമാണ്. ഇത് വിലയുടെ 50% വും പരമാവധി 25000/- രൂപയും ആക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** സബ്സിഡി സംബന്ധിച്ച് 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പരിഗണിക്കും. യൂണിറ്റുകൾക്ക് നൽകുന്നത് വ്യാവസായിക അടിസ്ഥാനത്തിലും ബാങ്ക് ലോൺ ബന്ധിതവുമായിരിക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.59. കൊണ്ടോട്ടി നഗരസഭ ചെയർമാന്റെ 14.12.16 ലെ 6185/16-ാം നമ്പർ കത്ത്

**ബാങ്ക് വായ്പയും കൂടി ചേർത്ത് ഭവനനിർമ്മാണത്തിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.60 കൊണ്ടോട്ടി നഗരസഭ ചെയർമാന്റെ ബി4-5062/16-ാം നമ്പർ കത്ത്.

**പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ള പ്രോജക്ട് നടപ്പാക്കൽ സംബന്ധിച്ച്**

**തീരുമാനം:-** ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.61 ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 23.11.2016 ലെ ഇ3- 10719/12-ാം നമ്പർ കത്ത.

**2011-12 ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച 4 വീടുകളുടെ നിർമ്മാണം കോസ്റ്റ്ഫോർഡിനെയാണ് ഏല്പിച്ചിരുന്നുന്നത്. ഇതിന്റെ നിർമ്മാണ ചെലവ് ഇപ്പോൾ പുതിയ എസ്റ്റിമേറ്റ് പ്രകാരം 5.65 ലക്ഷം രൂപയായി. ലോക്കൽ ഫണ്ട് തുടർനടപടി തടഞ്ഞിരിക്കുന്നു. അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മുനിസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി2) വകുപ്പ്)

3.62 ബഹു. കോഴിക്കോട് സൗത്ത് എം.എൽ.എ യുടെ 15.12.16 ലെ സി/22/16 എം.കെ.എം. നമ്പർ കത്ത്.

**തെക്കേപ്പുറം പ്രദേശത്തെ പല കുടുംബങ്ങളും താമസിക്കുന്നത് വലിയതറവാടുകളിലാണ്. ഒരു തറവാട്ടിൽ പത്തുകുടുംബങ്ങൾവരെയുണ്ട്. ഇതു ഫ്ളാറ്റായി കണക്കാക്കി പ്രത്യേക വീട്ട് നമ്പർ ഇടുന്നത് സംബന്ധിച്ച്.**

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കണം

(നടപടി:തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.63 പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 13.12.16-ലെ കത്ത്

**വാർഷിക പദ്ധതിയിൽ ഭേദഗതിക്ക് അനുമതി സംബന്ധിച്ച്**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിത 2.7 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.64 പെരളശേരി ഗ്രാമപഞ്ചായത്തിന്റെ 18.07.16 ലെ 91/16(9)-ാം നമ്പർ തീരുമാനം.

**പ്ലാസ്റ്റിക് ശേഖരിക്കുന്ന വാളണ്ടിയർമാർക്ക് ഓണറേറിയം നൽകുന്നത് സംബന്ധിച്ച്.**

**തീരുമാനം:-** 01.12.16 ലെ കോർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ (പൊതു തീരുമാനം ഖണ്ഡിക 10) പ്രകാരം ഓണറേറിയം നൽകാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.65 ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.16 ലെ PL-4463/16/10--ാം നമ്പർ കത്ത്.

**ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** *ഡിപ്പാർട്ടുമെന്റ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.*

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.66 കോടിക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.16 ലെ A2-1705/16-ാം നമ്പർ കത്ത്.

**2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന 8.45 ലക്ഷം രൂപയുടെ സംയുക്ത പ്രോജക്ട് നടപ്പാക്കി. ഇതിൽ ശുചിത്വമിഷൻ നൽകേണ്ട വിഹിതമായ 2,76,250/- രൂപയിൽ 110500/- രൂപ ലഭിച്ചു. ബാക്കി തുക കൂടി നൽകണം. (1,65,250/- രൂപ) $0.5m^3$ നു പകരം 1m3 ബയോഗ്യാസ് പ്ലാന്റാണ് നൽകിയത്. ഇതിന അധികമായി വന്ന തുകയായ 1,46,250/- രൂപയും നൽകണമെന്നതു സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.67 പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.16 - ലെകത്ത്.

**തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ടെക്നീഷ്യനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പോൾ ഒന്നിന 100 രൂപ ആക്കി വർദ്ധിപ്പിക്കുന്നതിന അനുമതി നൽകുന്നു. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടതില്ല.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

3.68 ബഹു. തൃശ്ശൂർ മേയറുടെ 19.12.16-ലെ PH3/27164/16-ാം നമ്പർ കത്ത്.

**യൂണിറ്റിന 1500/- രൂപ ക്രമത്തിൽ 25000 വീടുകളിൽ സ്മാർട്ട് ബയോബിൻ എത്തിക്കുന്നതിന 4.00 കോടി രൂപ ചെലവിലുള്ള പ്രോജക്ടിന സർക്കാർ വിഹിതം ലഭിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ഇതു സംബന്ധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണം. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.69. പിറവം മുനിസിപ്പൽ ചെയർമാന്റെ 06.12.16-ലെ കത്ത്.

**2012-13, 2013-14 വർഷം നടപ്പാക്കിയ കായികപരിശീലനം, 2013 - 14 വർഷം നടപ്പാക്കിയ സ്വാതന്ത്ര്യ ദിനാഘോഷം, എസ്.എസ്.എൽ.സി.- പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് അവാർഡ് എന്നീ പ്രോജക്ടുകൾക്ക് സർക്കാർ അനുമതി വേണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം നിരീക്ഷിച്ചിരിക്കുന്നതിനാൽ അനുമതി സംബന്ധിച്ച്**

**തീരുമാനം:-** സാധൂകരണം നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.70 പന്തലായനി ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റിന്റെ 04.08.16 ലെ ബി. 132/16(1)-ാം നമ്പർ കത്ത്.

**ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ വാങ്ങി നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** 1. ഡി.പി.സി അംഗീകരിച്ച പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി ആവശ്യമില്ല.

2. ഫർണിച്ചർ വാങ്ങാൻ സ്റ്റോർപർച്ചേയ്സ് മാന്വൽ പാലിച്ചിരിക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.71 പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 05.10.16 ലെ ബി. 132/16-ാം നമ്പർ കത്ത്.

**ഐ.കെ.എം. സ്പെസിഫിക്കേഷനോടുകൂടി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങുന്നതിനും കെൽട്രോണുമായി എ.എം.സി. ഒപ്പിടുന്നതിനും അനുമതി സംബന്ധിച്ച്.**

**തീരുമാനം:-**ഇതു സംബന്ധിച്ച് ഐ.കെ.എം. ഡയറക്ടർ വിശദമായി പരിശോധിച്ച്റിപ്പോർട്ടു സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. അടുത്ത കോർഡിനോഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.72 <u>പന്തലായനി ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 04.08.16 ലെ ബി-132/2016 (1) നമ്പർ കത്ത്.</u>

**സാക്ഷരത/ തുടർവിദ്യാഭ്യാസപ്രവർത്തനത്തിന സാക്ഷരതാകേന്ദ്രങ്ങളിൽ ലാപ്ടോപ്പ്, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന വികസനഫണ്ട്/ തനതു ഫണ്ട് എന്നിവ ഉപയോഗിക്കുന്നതിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.73. <u>ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 19.12.16 ലെ KGPA/LM/FR/2016 121901-ാം നമ്പർ കത്ത്.</u>

**സബ്സിഡി മാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച്.**

സബ്സിഡി നിരക്കിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

1. ചെറുകിട കർഷകർക്ക് ജലസേചന പമ്പുസെറ്റ് നൽകാൻ 50% സബ്സിഡിയോ പരമാവധി 10,000/- രൂപയോ നൽകണം.

   തീരുമാനം - സമിതി /സംഘങ്ങൾക്കുമാത്രം നൽകാൻ അനുമതി നൽകും.

2. നെൽകൃഷി ജലസേചനത്തിന മോട്ടറും, പെട്ടിയും, പറയും പാടശേഖരസമിതിക്ക് 100 ശതമാനം സബ്സിഡിയോടെ നൽകണം.

   തീരുമാനം - അംഗീകരിച്ചു

3. മറ്റ് കാർഷികോപകരണങ്ങൾക്ക് യന്ത്രങ്ങൾക്കും 90 ശതമാനം സബ്സിഡിയും 10 ശതമാനം ഗുണഭോക്തൃ വിഹിതവും നൽകണം.

   തീരുമാനം - കൊയ്ത് മെതിയെന്ത്രം, നടീൽ യന്ത്രം എന്നിവയ്ക്ക് മാത്രമായി പരമിതപ്പെടുത്തുന്നു.

4. പ്രോജക്ടുൾ ഭേദഗതി വരുത്തുന്നതിന അനുമതി നൽകണം.

   പൊതുതീരുമാനം ഖണ്ഡിക 2.7 ബാധകം.

5 റിവിഷൻ പ്രോജക്ടുകൾ തയ്യാറാക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം.

   **തീരുമാനം:-** അനുമതി നൽകുന്നു.

ക്രമനമ്പർ 1, 2, 3 ഇവ അടുത്ത വാർഷിക പദ്ധതി മുതൽ മാത്രം ബാധകമായിരിക്കും.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.74. <u>പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2016 - ലെ കത്ത്.</u>

**പാല്ലൂർ ഗവ. ഹൈസ്കൂളിന സ്മാർട്ട് ക്ലാസ്സ്റൂം പണിയുന്നതിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** തനതുഫണ്ടോ/ വികസനഫണ്ടോ ഉപയോഗിച്ചു നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.75 പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.12.16 ലെ കത്ത്

**ഗ്രോബാഗിന 75% സബ്സിഡി നൽകണമെന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 2.9 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.76. പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.16 ലെ എ2/737/16-ാം നമ്പർ കത്ത്.

**ഗ്രാമന്യായാലയം പ്രവർത്തിക്കുന്നതിന സ്വകാര്യ സ്ഥാപനമായ പുലാമന്തോൾ ഷോപ്പിംഗ് കോംപ്ലക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 8 മുറികൾ (2620 ച.അടി) സൗജന്യമായി നൽകിയിട്ടുണ്ട്. സൗജന്യമായി നൽകിയ ഈ കെട്ടിടത്തിന വസ്തുനികുതി ഒഴിവാക്കുന്നതു സംബന്ധിച്ച്. (ഗ്രാമന്യായാലയം പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാലത്തേക്ക്)**

**തീരുമാനം:-** ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.77. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.06.16 ലെ എ1-4405/16-ാം നമ്പർ കത്ത്.

**പഞ്ചായത്തിലെ പ്രധാന ജംഗ്ഷനും തെരുവുകളും വൃത്തിയാക്കുന്നതിന ദിവസവേതനാടി സ്ഥാനത്തിൽ കുടുംബശ്രീ മുഖേന വോളന്റിയറെ നിയമിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** മൂന്നുപേരെ നിയമിക്കുന്നതിനു അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.78. ശ്രീമതി ചപ്പയിൽ ശ്രീജയുടെ 17.12.16- ലെ കത്ത്.

**ഇ.എം.എ സ്. ഭവനപദ്ധതിപ്രകാരം ലഭിച്ച തുക തിരികെ പഞ്ചായത്തിൽ അടക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** ഡിപ്പാർട്ട്മെന്റു തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.79. കേൾവിശക്തി വൈകല്യമുള്ളവരുടെ (കുട്ടികളടക്കം) രക്ഷകർത്താക്കളുടെ സംഘടന 19.12.16 ൽ നൽകിയ കത്ത്.

**ഭിന്നശേഷിക്കാരുടെ പേരിലുള്ള വീടുകളുടെ കെട്ടിടനികുതി ഒഴിവാക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

3.80. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.10.16 ലെ എ3.363/16 കത്ത്

**പഞ്ചായത്തിലെ വാടാനാം കുറിശ്ശി ഗവ. ഹൈസ്കൂളിൽ വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളും നടത്തുന്ന പ്രത്യേക ക്ലാസ്സിലെ കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന (50000/- രൂപ) തനതു ഫണ്ട് ഉപയോഗിക്കുന്നത് അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.81 വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.16 ലെ എ1-3545/2016.

**നെൽവിത്ത് സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ നൽകണമെന്നതു സംബന്ധിച്ച്.**

**തീരുമാനം:-** നെൽവിത്ത് സബ്സിഡി ഗുണഭോക്താവിന ഇനി മുതൽ ബാങ്ക് വഴി പണമായി നൽകേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.82. കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.12.16 ലെ കത്ത്.

**1. പൊതുവിദ്യാഭ്യാസ വകുപ്പും എസ്.എസ്.എയും നടപ്പിലാക്കാത്ത വിദ്യാഭ്യാസ പോഷണ പരിപാടിക്കായുള്ള സമഗ്രവിദ്യാഭ്യസ പരിപാടി എന്ന പ്രോജക്ടിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകുന്നു

**2. 8-ാം ക്ലാസ്സിലെ മുഴുവൻ പെൺകുട്ടികൾക്കും സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതി**

**തീരുമാനം:-** സമഗ്രവിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്നതിനാൽ പ്രത്യേക അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.83. കാരശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.12.16 ലെ കത്ത്

**പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകാൻ വാഹനവാടക നൽകുന്നതിന അനുമതി സംബന്ധിച്ച്.**

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുവാൻ വാഹനവാടക നൽകുന്നതിന അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരത്തോടെ നടപ്പാക്കാൻഅനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡിഎ2) വകുപ്പ്)

3.84. ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.12.16 ലെ എ1-3812/16-ാം നമ്പർ കത്ത്.

**വാർഷിക പദ്ധതിയിലെ ഡി.പി.സി. അംഗീകരിക്കാത്ത താഴെപ്പറയുന്ന 3 പ്രോജക്ടുകളുടെ അംഗീകാരം സംബന്ധിച്ച്.**

1. സമഗ്രവിദ്യാഭ്യാസ പരിപാടി (7.41 ലക്ഷം രൂപ അടങ്കൽ), വയോസ്മിതം വയോജനക്ഷേമപരിപാടി(4.07 ലക്ഷം രൂപ) നാടകക്കളരിയും കലാജാഥയും (92500 രൂപ) എന്നീ പ്രോജക്ടുകൾ ഡി.പി.സി. അംഗീകരിച്ചില്ല.

**തീരുമാനം:-** 1. ഈ പ്രോജക്ട് വിശദമായി പരിശോധിച്ച് റിപ്പോർട്ടു മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും നൽകണം.

2. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും

(നടപടി:ചീഫ്, വികേന്ദ്രീകൃതാസൂത്രണ ഡിവിഷൻ, എസ്.പി.ബി)

(നടപടി:തദ്ദേശസ്വയംഭരണ (ഡിഎ1) വകുപ്പ്)

3.85 പത്മന ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.16 ലെ പി3-5/06/16-ാം നമ്പർ കത്ത്.

**മാർഗ്ഗരേഖ പ്രകാരം പോത്തുകുട്ടികളെ വാങ്ങുമ്പോൾ സബ്സിഡി നൽകുന്നത് 18 മാസം പ്രായമായവയ്ക്കാണ്. ഇത് 6-8 മാസം പ്രായമുള്ളതാക്കി കുറയ്ക്കണമെന്ന ആവശ്യം സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നൽകി തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.86. തിരൂർബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 02.12.16 ലെ സി. 1833/16-ാം നമ്പർ കത്ത്. (ഇ.ആർബി2/161/2016- തസ്വഭവ)

**വി.ഇ.ഒ മാരെ പോസ്റ്റു ചെയ്യുന്നതു സംബന്ധിച്ച്**

**തീരുമാനം:-** ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടി സ്വീകരിക്കണം.

(നടപടി:തദ്ദേശസ്വയംഭരണ (ഇ.ആർ.ബി2) വകുപ്പ്)

3.87 പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.10.16ലെ ബി-132/2016-ാം നമ്പർ കത്തും 21.07.16 ലെ 18(4) 206-17 ഭരണസമിതി തീരുമാനവും

**ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പാലിയേറ്റീവ് പരിചരണ പ്രോജക്ടുകൾക്ക് ബ്ലോക്കു ജില്ലാ വിഹിതം വകയിരുത്താമെന്നും ഇത് 29.10.15 ലെ 3217/15/ തസ്വഭവ ഉത്തരവനുസരിച്ചാകാമെന്നും പറയുന്നുണ്ട്. 29.10.15 ലെ ഉത്തരവനുസരിച്ച് സംയുക്ത പ്രോജക്ട് പാടില്ല. സ്പഷ്ടീകരണം സംബന്ധിച്ച്.**

**തീരുമാനം:-** പദ്ധതിക്ക് മുടക്കം ഉണ്ടാകാത്തരീതിയിൽ സംയുക്ത പ്രോജക്ട് എടുക്കാൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.88 ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.11.16 ലെ കത്ത്

**വാർഷിക പദ്ധതിയിലെ 'ഗ്രാമം ഹരിതാഭം' എന്ന പ്രോജക്ടിലെ താഴെപ്പറയുന്ന ഘടകങ്ങളുടെ അംഗീകാരം സംബന്ധിച്ച്.**

i കർമ്മസേന രൂപീകരണവും തൊഴിലാളികൾക്ക് പരിശീലനവും

**തീരുമാനം:-** അംഗീകരിക്കുന്നു.

ii ഗ്രോ ബാഗിനു 75% സബ്സിഡി

**തീരുമാനം** - പൊതുതീരുമാനം ഖണ്ഡിക 2.9 ബാധകം

iii ഗ്രോബാഗിനു സബ്സിഡി തുക കർമ്മസേനക്കു നൽകുന്നതിന അനുമതി.

**തീരുമാനം** - അനുമതി നിരസിച്ചു.

iv കർമ്മസേനക്കു പരിശീലനം നൽകുന്നതിന പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി.

**തീരുമാനം** - അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.89 ചേന്ദമംഗലം പഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.16 ലെ എ1-8596/16-ാം നമ്പർ കത്ത്

**പ്രോജക്ട് ഭേദഗതി സംബന്ധിച്ച്**

**തീരുമാനം:-** പൊതു വിഷയത്തിലെ തീരുമാനം ഖണ്ഡിക 2.7 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.90 കേരളാ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ 21.12.16 ലെ കത്ത്

**വൃദ്ധസദനങ്ങളുടേയും പകൽവീടിന്റേയും നടത്തിപ്പ് കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ/പ്രതിനിധിയെ കൂടിപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.**

**തീരുമാനം:-** വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.91 അയ്മനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.12.2016-ലെ എ1-1147/16/3-ാം നമ്പർ കത്ത്

**റോഡ് നിർമ്മാണത്തിന ഗ്രാവൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് .**

14.11.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഖണ്ഡിക 3.33 ബാധകമാണ്.

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ.2) വകുപ്പ്)

3.92 ക്ഷീര വികസന വകുപ്പു ഡയറക്ടറുടെ 05.12.2016-ലെ ഡി3/6776/2016-ാം നമ്പർ കത്ത് :

**ക്ഷീര കർഷകർക്ക് പാലിന സബ്സിഡി നൽകുന്നത് സംബന്ധിച്ച്**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.8 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി എ.2വകുപ്പ്)

3.93 ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.10.2016-ലെ സി3-581/16(2)- ാം നമ്പർ. കത്ത്(ഡി.എ1/441/16/തസ്വഭവ)

കേരള ലൈബ്രറി കൗൺസിലിൽ രജിസ്റ്റർ ചെയ്ത ലൈബ്രറിയുടെ കെട്ടിടത്തിന അറ്റകുറ്റപ്പണിക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നതിന അനുമതി സംബന്ധിച്ച്.

**തീരുമാനം:-** തനതുഫണ്ട് ഉപയോഗിച്ചു നടത്താൻ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.94 നൂറനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.2016-ലെ സി5/1579/16-ാം നമ്പർ കത്ത് (ഡി.എ1/419/16/തസ്വഭവ)

**ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച്**

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടായതിനാൽ അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.95 വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.12.2016 ലെ നം. ഡി 2265/16-ാം നമ്പർ കത്ത്

**2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത "ഓണാഘോഷ ഗ്രാമോത്സവം" (പ്രോ.നം. 41/14) എന്ന പ്രോജക്ടിന 30,000/- രൂപ ചെലവഴിച്ചു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പെഴുതി. ഈ ചെലവിനു സാധൂകരണം നൽകുന്നതു സംബന്ധിച്ച്. 2016-17 വർഷവും 50000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.**

2014-15 ലെ പ്രോജക്ടിന സാധൂകരണം നൽകുന്നു.

**തീരുമാനം:-** ഈ വർഷത്തെ പ്രോജക്ടിന അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.96. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.12.16 ലെ കത്തും 3.12.16 ലെ 5-ാം നമ്പർ ഭരണസമിതി തീരുമാനവും.

**75 വയസ്സുകഴിഞ്ഞ പട്ടികജാതി വിഭാഗത്തിലെ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.16 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.97. പൊന്നാനി മുനിസിപ്പൽ ചെയർമാന്റെ 14.12.16 ല എച്ച്1-21465/2016-ാം നമ്പർ കത്ത്.

**കനോലികനാൽ വൃത്തിയാക്കുന്നതിന്റെ ഭാഗമായി വെള്ളക്കെട്ടുള്ള പ്രദേശത്ത് ഉപയോഗിക്കാവുന്ന പ്രത്യേകതരം സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിന രാംബയോളജിക്കൽസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡറായുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ/ ടെണ്ടർ വിളിച്ചു നടപ്പാക്കാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.98 <u>കേരളഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 20.12.16 ലെ KGPA/LM/FR/2016-22001--ാം നമ്പർ കത്ത്.</u>

**വരൾച്ചയെ നേരിടുന്നതിന കിണർ ആഴം കൂട്ടുന്നതിനും വൃത്തിയാക്കുന്നതിനും ബന്ധപ്പെട്ട എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ നിന്ന് പരമാവധി 10,000/- രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** ഇതു സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്)

3.99. <u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.12.16 ലെ DB3/753/12/CE തസ്വഭവ കത്ത്.</u>

**സിഡ്കോയിൽ നിന്ന് ബിറ്റുമിൻ വാങ്ങാൻ അനുമതി സംബന്ധിച്ച്.**

**തീരുമാനം:-** അനുമതി നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

3.100. <u>മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.12.16 ലെ ഡി2-11114/2016-ാം നമ്പർ കത്ത്.</u>

**സമ്പൂർണ്ണ വൈദ്യുതീകരണത്തിന തുക വകയിരുത്തുന്നതു സംബന്ധിച്ച്**

**തീരുമാനം:-** പൊതുതീരുമാനം ഖണ്ഡിക 2.17 ബാധകമാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.101. <u>ഗ്രാമവികസന കമ്മീഷണറുടെ 26.12.16 ലെ 7644/JRY1/16/ CRD നമ്പർ കത്ത്.</u>

**PMAY പദ്ധതി പ്രകാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച്**

PMAY പദ്ധതിക്ക് താഴെപറയും പ്രകാരം തുക അനുവദിക്കാവുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് തുക നൽകിയില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന തുക വകയിരുത്താം. ഇതിനായി വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതാണ്.

(തുക രൂപ)

| ഫണ്ടിന്റെ ശ്രോതസ്സ് | പൊതു/ന്യൂനപക്ഷ വിഹിതം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| പി.എം.എ.വൈ (ഗ്രാമീൺ) | 120000 | 120000 | 120000 |
| ഗ്രാമ പഞ്ചായത്ത് വിഹിതം (അധികതുകയുടെ 25%) | 20000 | 20000 | 32500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (അധിക തുകയുടെ 40%) | 32000 | 32000 | 52000 |
| ജില്ലാ പഞ്ചായത്ത് വിഹിതം (അധിക തുകയുടെ 35%) | 28000 | 28000 | 45500 |
| പട്ടികജാതി വികസന വകുപ്പ് | 0 | 100000 | 0 |
| പട്ടികവർഗ്ഗ വികസന വകുപ്പ് | 0 | 0 | 100000 |
| ആകെ | 200000 | 300000 | 350000 |

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.102. <u>ഊർജ്ജ വകുപ്പ് അഡീഷണ ൽ ചീഫ് സെക്രട്ടറിയുടെ 22.12.2016 ലെ കുറിപ്പ്.</u>

**സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഗ്രാന്റ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്.**

**തീരുമാനം:-** 1. വൈറിംഗ് ഗ്രാന്റ് 5000/- ആക്കാൻ അനുമതി നൽകുന്നു.

2. ഇതിനായി വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.103 3.103. എസ്.ആർ.ജിയുടെ പ്രവർത്തനത്തെ സഹായിക്കാൻ ഒരു ജൂനിയർ സൂപ്രണ്ടിനെയും ഒരു ക്ലർക്കിനേയും വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കുന്നതിന

**തീരുമാനം:-** അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ വകുപ്പ്)

3.104 <u>ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2016- ലെ കത്ത്</u>

തോട്ടം മേഖലയിലെ 6 മീറ്ററിൽ താഴെയുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന ജില്ലാ പഞ്ചായത്തിന അനുമതി നൽകണമെന്നത് സംബന്ധിച്ച് 01.12.2016 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ ചർച്ചചെയ്തിരുന്നു. ഇതു സംബന്ധിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറെ യോഗം ചുമതലപ്പെടുത്തിയിരുന്നു.

ചീഫ് എൻജിനീയർ 17.12.16 ലെ ഡിബി3/753/2012/സിഇ തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുറഞ്ഞത് 5 മീറ്റർ വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണെന്ന് ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തു.

താഴെ പറയും പ്രകാരം തീരുമാനമെടുത്തു.

പട്ടികജാതി/പട്ടികവർഗ്ഗസങ്കേതങ്ങളിലേക്ക് കുറഞ്ഞത് 5 മീറ്റർ വരെ വീതിയുള്ള റോഡ് നിർമ്മാണം/മെയിന്റനൻസ് പ്രോജക്ടുകൾ ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കുന്നതിന താഴെ പറയുന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

1. സങ്കേതങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാരുണ്ടെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

2. ഇതിനായി പൊതുവിഭാഗം ഫണ്ട് മാത്രമേ ഉപയോഗിക്കാവൂ.

യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു.

അനുബന്ധം

## 28.12.2016 ന് കൂടിയ കോർഡിനേഷൻ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തവരുടെ വിവരം

1. ഡോ. കെ.എൻ ഹരിലാൽ (മെമ്പർ & ചെയർമാൻ SRG)
2. ഡോ. റ്റി.കെ. ജോസ് (പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി)
3. ഡോ. കെ. വാസുകി (DUA & എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)
4. ശ്രീ. സി.വി. ജോയ് (ശുചിത്വമിഷൻ (ഡി. ഓപ്പറേഷൻ) )
5. ശ്രീ. കെ.പി. സാബു (ഡി.സി.ആർ, പി.റ്റി. ..)
6. ശ്രീ. എച്ച് ഷാജി (കൺവീനർ & സ്പെഷ്യലിസ്റ്റ് , കെ.എൽ.ജി.ഡി )
7. ശ്രീ. സജികുമാർ (ചീഫ് എക്സിക്യൂട്ടീവ്)
8. ശ്രീ.കെ. അർജ്ജുനൻ (എസ്.ആർ.ജി മെമ്പർ)
9. ശ്രീ.ഹരിലാൽ ജി.ആർ (എസ്.ഒ എസ്.സി/എസ്.റ്റി (ബി))
10. ശ്രീമതി ലിഷ മോഹൻ.എം (എ.ഡി.സി., സി.ആർ.ഡി)
11. ശ്രീ.സുരേഷ്കുമാർ. കെ.കെ (ആർ.ഒ, എസ്.സി.ഡി.ഡി)
12. ശ്രീ.വി. അജയകുമാർ (ജെ.എസ്. (ഫിനാൻസ്)
13. ശ്രീ.കോശി. എ. അലക്സ് (എ.ഡി/എസ്.ആർ. ഡി.ഒ പ്രോജക്ട് സെൽ)
14. ശ്രീ.വി.എസ്. സന്തോഷ്കുമാർ (അഡി. സി.ആർ.ഡി)
15. ശ്രീ.എസ്. സുരേഷ്കുമാർ (അണ്ടർ സെക്രട്ടറി)
16. ശ്രീ.പി. ബാലൻ (ഡയറക്ടർ, കില)
17. ശ്രീ.എസ്. ഡിവാകരൻ പിള്ള (സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ)
18. ശ്രീമതി. ഗീതാകൃഷ്ണൻ. കെ.ജെ (എ.ഇ.ഇ,എൽ.എ സ്.ജി.ഡി)
19. ശ്രീ. പി.കെ. മോഹനൻ (ജെ.ഡി.ഇ, സി.ആർ.ഡി)
20. ശ്രീ. റ്റി. സുരേഷ്ബാബു (മെമ്പർ, എസ്.ആർ.ജി)